LIBRARY ARCHIVES Kerala Legislative Assembly

**കോളേജുപടി ഭാഗത്ത് റേഷൻകട**

127 (141) പ്രൊഫ. എൻ. ജയരാജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാഴൂർ ഗ്രാമപഞ്ചായത്തിൽ കോളേജുപടിഭാഗത്ത് റേഷൻകട ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ചങ്ങനാശ്ശേരി താലൂക്കിൽ വാഴൂർ പഞ്ചായത്തിലെ 7-ാം വാർഡിൽ വാഴൂർ കോളേജ് ജംഗ്ഷനിൽ ഒരു പുതിയ റേഷൻകട തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ 18-11-2010-ലെ 12728/ബി3/2010/ഭ.സി.സ.വ. നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പുതിയ റേഷൻകാർഡ് വിതരണം**

128 (142) ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻകാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതിനകം എത്ര റേഷൻകാർഡുകൾ വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് എത്ര റേഷൻകാർഡുകളാണ് നിലവിലുണ്ടായിരുന്നത് ;

(ഡി) റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതുമൂലം കാർഡുടമകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന കാർഡുകൾ പൂർണ്ണമായും പുതുക്കി വിതരണംചെയ്തു. പുതിയ റേഷൻകാർഡുകൾക്കായുള്ള അപേക്ഷകളിൽ 90% പൂർത്തിയാക്കി, അവശേഷിക്കുന്നത് പൂർത്തിയാക്കിവരുന്നു.

(ബി) ഇതിനകം 7282259 റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.